സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 81-84

പാലൈ
PALAI பாலை
ISSN No: 3049-0316

# മലയാളസിനിമയിലെ ഒപ്പനപ്പാട്ടുകൾ



ഡോ. അഭിന മേരി സാജു*

**സംഗ്രഹം**

ഗാനങ്ങൾക്ക് സംസ്കാരവാഹകശേഷിയുണ്ട്; പ്രത്യേകിച്ച് ചലച്ചിത്രഗാനങ്ങൾക്ക്. സിനിമയെ സംബന്ധിച്ചിടത്തോളം ഗാനങ്ങൾ കേവലം കേൾവി സുഖത്തിനോ ആകർഷകത്ത്വത്തിനോ മാത്രമല്ല. സിനിമയിലെ കഥാപാത്രങ്ങളുടെ ഹൃദയവിചാരങ്ങളെ വ്യഞ്ജിപ്പിക്കുന്നതിനും കഥയിലെ മൌനങ്ങളെ പൂരിപ്പിക്കുന്നതിനും വൈകാരികതലങ്ങളെ തീഷ്ണതരമാക്കുന്നതിനും ഗാനങ്ങൾ വലിയ പങ്ക് വഹിക്കുന്നു. ശ്രോതാവിലേക്കു തുളഞ്ഞുകയറാനും വൈകാരികഭാവങ്ങളെ തൊട്ടുണർത്താനും സംഗീതത്തിനുള്ള മാസ്മരികശക്തിയെ ആവോളം ഉപയോഗിച്ച മാധ്യമമാണ് ചലച്ചിത്രഗാനങ്ങൾ. പ്രേക്ഷകന്റെ വൈയക്തിക ലോകത്തു നിന്നുള്ള വിമോചനത്തിനുള്ള ഉപാദി കൂടിയാണ് സംഗീതം. ഇന്ന് ഒരു ശരാശരി മലയാളിയെ സംബന്ധിച്ചിടത്തോളം സംഗീതമെന്നത് സിനിമാഗാനങ്ങളാണ്. മലയാളത്തിലെ ഏറ്റവും ജനപ്രിയമായ സംഗീതശാഖ കൂടിയാണ് ചലച്ചിത്രസംഗീതം. അതിനാൽത്തന്നെ സിനിമയുടെ പഠനപരിസരത്തു നിന്നും മാറ്റി നിർത്താനാവാത്ത മേഖലയാണ് ചലച്ചിത്രഗാനങ്ങളുടെ പഠനവും.

**താക്കോൽ വാക്കുകൾ:** ഒപ്പന - ചലച്ചിത്രം - ഗാനം - ഗാനശാഖ

ചലച്ചിത്രഗാനങ്ങളെ സാംസ്കാരികോത്പന്നം എന്ന രീതിയിൽ വിലയിരുത്തുവാൻ കഴിയും. സംസ്കാരത്തിന്റെ കലവറയും വാഹകരും രൂപപ്പെടുത്തലുകാരുമാണ് ഈ ഗാനങ്ങൾ. മറ്റു ഗാനശാഖകളേക്കാൾ കൂടുതൽ ജനപ്രിയത ഉണ്ടെന്നതിനാൽ ഈ ദൗത്യം നിർവഹിക്കുന്നതിൽ ചലച്ചിത്രഗാനങ്ങൾക്കാണ് കൂടുതൽ പങ്കുള്ളത്. വിവിധ ദേശങ്ങൾ, മതങ്ങൾ, സാസ്കാരികരൂപങ്ങൾ, കലാരൂപങ്ങൾ എന്നിവയെല്ലാം ചലച്ചിത്രഗാനങ്ങളിലൂടെ വ്യഞ്ജിപ്പിക്കപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്തു പറയേണ്ട ശാഖയാണ് മലയാളസിനിമയിലെ ഒപ്പനഗാനങ്ങൾ.

മലയാളസിനിമയുടെ പ്രാരംഭഘട്ടം മുതൽ ഒപ്പനഗാനങ്ങൾക്കും സ്ഥാനം ലഭിച്ചിരുന്നു. മുസ്ലീം വീടുകളിലെ വിവാഹാഘോഷങ്ങൾ കാണിക്കുമ്പോൾ അതിനകമ്പടിയായി ഒപ്പനഗാനങ്ങളും

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, ന്യൂമാൻ കോളേജ് തൊടുപുഴ

 ISSN No: 3049-0316


അവതരിപ്പിച്ചിരുന്നു. ഈണവും താളവും ചടുലതയും കൂടി ചേർന്ന് ഒരു ജനപ്രിയ ചലച്ചിത്ര ഗാനശാഖയായി അതു മാറി. ചലച്ചിത്രങ്ങളിലെ ഒപ്പനഗാനങ്ങൾ അതിന്റെ ശബ്ദഭംഗികൊണ്ടു മാത്രമല്ല ദൃശ്യഭംഗികൊണ്ടും ശ്രദ്ധേയമാണ്. അവതരണത്തിനു വേണ്ടിയുള്ളതാണ് ഒപ്പനഗാനങ്ങൾ. അതിനാൽത്തന്നെ ചടുലവും വർണ്ണശബളവും ആഹ്ലാദകരമായ പശ്ചാത്തല സംവിധാനവും കൊണ്ട് ഈ ഗാനങ്ങളുടെ ചിത്രീകരണം മിഴിവാർന്ന് നിൽക്കുന്നു. മലയാളസിനിമയുടെ ചരിത്രം നോക്കിയാൽ പ്രേക്ഷകശ്രദ്ധ നേടിയ ഒട്ടധികം ഒപ്പനഗാനങ്ങൾ കാണാം.

പി. ഭാസ്കരൻ, എം.എസ്. ബാബുരാജ് കൂട്ടുകെട്ടിൽ ഒട്ടധികം മികച്ച മാപ്പിളഗാനങ്ങൾ മലയാളസിനിമയ്ക്ക് ലഭിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ശ്രദ്ധിക്കപ്പെട്ട ഒപ്പനഗാനങ്ങളും നിരവധിയാണ്. "കായലരികത്ത് വലയെറിഞ്ഞപ്പോൾ തുടങ്ങി അസംഖ്യം പാട്ടുകളിലൂടെ മാപ്പിളപ്പാട്ടിന്റെ ഗാന, ആലാപന സങ്കേതങ്ങളും നാടൻപാട്ടുകളുടെ ചന്തവും ചെത്തവും ചൂരുമൊക്കെ സിനിമാപ്പാട്ടിലേക്ക് കൊണ്ടുവരികയും മലയാളഗാനപാരമ്പര്യം എന്നൊരു തുടർച്ച ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്ത പി. ഭാസ്കരൻ കാവ്യ, ശില്പഭംഗി കാര്യത്തിൽ വേറിട്ട് നിൽക്കുന്നു." (ദിവാകരൻ, ആർ.വി.എം., 2016:54) എൽ.ആർ. അഞ്ജലി, എൽ.ആർ. ഈശ്വരി എന്നിവർ ആലപിച്ച "ഒരു കുടുക്ക പൊന്നു തരാം......" എന്ന 'സുബൈദ'യിലെ ഗാനം മികച്ച ഒരു ഒപ്പനഗാനമാണ്. സംഘം തിരിഞ്ഞ് ചോദ്യോത്തരരീതിയിൽ പാടുന്ന ഈ ഒപ്പനഗാനം നാടൻസംഘക്കളികളെ അനുസ്മരിപ്പിക്കുന്നു.

"ഒരു കുടുക്ക പൊന്നു തരാം
പൊന്നാലുള്ളോരു മിന്നു തരാം
ആയിരം മിസ്കാനു വേറെ തരാം
അന്നപ്പിടയ്യൊത്ത പെണ്ണുണ്ടോ?

ഒരു കുടുക്ക പൊന്നു വേണ്ടാ
പൊന്നാലുള്ളൊരു മിന്നും വേണ്ടാ
കാണാൻ മൊഞ്ചുള്ള മാപ്പിളയാണെങ്കിൽ
കാനേത്തു ചെയ്താൽ പെണ്ണു തരാം

കാണാൻ ചേലുള്ള കല്യാണക്കാരനു
കൈതപ്പൂ പോലുള്ള പെണ്ണുണ്ടോ?
മുത്തിലും മുത്തായ മുന്തിയ മാരനു
തത്തമ്മ പോലുള്ള പെണ്ണുണ്ടോ?

പൈങ്കിളി പെണ്ണാണു ഇവൾ
അമ്പിളി പോലുള്ള കണ്ണാണ്
സക്കാര പന്തലിൽ നിക്കാഹ് ചെയ്താൽ
തത്തമ്മ പെണ്ണിനെ കൊണ്ടത്തരാം." ഇങ്ങനെയാണ് ഈ പാട്ടിന്റെ ഘടന.

1965ൽ ഇറങ്ങിയ കുപ്പിവള എന്ന ചിത്രത്തിലും ഈ കൂട്ടുകെട്ടിൽ പിറന്ന മനോഹരമായ ഒരു ഒപ്പനഗാനമുണ്ട്. എൽ.ആർ. ഈശ്വരി ആണ് ഇത് ആലപിച്ചത്. "മധുരപ്പൂവനപ്പൂമലര്ക്കൊടി കണക്കുനില്ക്കണ പെണ്ണ്......" എന്ന ഈ ഗാനം മലയാളസിനിമയിലെ ഒപ്പനഗാനശാഖയ്ക്ക് ലഭിച്ച വലിയൊരു നിധിയാണ്.

"മലരൃനികയില് പുലരിപോലിപ്പോള്
പുതിയ മാപ്പിളപോരും
മണിയറയ്ക്കുള്ളില് ചേരും
ഇളം കിളിനിന്നെ അകത്തു തള്ളീട്ട്
പതുക്കെവാതിലും ചാരും
കാല്ത്തളകളെ ഇളക്കിതാളത്തില്
കട്ടിലിന് ചാരത്തു ചെല്ലും

കവിളില് മാരനം നള്ളും
ബഹറിനള്ളിലെ ഹൂറിയെക്കണ്ടു
പെരുത്തു സന്തോഷം കൊള്ളും"

എം.എസ്. ബാബുരാജിന്റെ മാന്ത്രിക സംഗീതത്താൽ ശ്രദ്ധേയമായ 'കുട്ടിക്കുപ്പായ'ത്തിലെ "പുള്ളിമാനല്ല മയിലല്ല മധുരക്കരിമ്പല്ല മാരിവില്ലൊത്ത പെണ്ണാണ്....." എന്ന ഒപ്പനഗാനവും എടുത്തു പറയേണ്ടതാണ്. ഒരു നവവധുവിന്റെ സൌന്ദര്യത്തെ പാടിപ്പുകഴ്ത്തുന്ന തരത്തിലുള്ള ഈ ഗാനം ഒപ്പനപ്പാട്ടുകളുടെ പാരമ്പര്യസ്വഭാവത്തെ ഉൾക്കൊള്ളുന്നതാണ്. പത്തരമാറ്റുള്ള പൊന്നായും മാണിക്യക്കല്ലൊത്ത മണിയായും മന്ദാരമലരായും എല്ലാം നവവധുവിനെ ഇവിടെ പാടിപുകഴ്ത്തുന്നു.

"കൈതപ്പൂക്കവിളാണ് കാറക്കഴത്താണ്
മുന്തിരിച്ചുണ്ടാണ് സുന്ദരിക്ക് - നല്ല
മുന്തിരിച്ചുണ്ടാണ് സുന്ദരിക്ക്
സുറുമയെഴുതിയ സുന്ദരമിഴിയാണ്
മയിലാഞ്ചിക്കൈയ്യാണ് പൈങ്കിളിക്ക് - ആഹാ
മയിലാഞ്ചിക്കൈയ്യാണ് പൈങ്കിളിക്ക്"

എന്നിങ്ങനെ പാടിക്കളിക്കുന്ന ഇതിലെ ഒപ്പനരംഗം ഒരേസമയം ശ്രവണസുഖവും നയനസുഖവും നൽകുന്നതാണ്.

എൺപതുകളോടെയാണ് മലാളസിനിമയിലെ ഗാനശാഖയിൽ വലിയ മാറ്റങ്ങൾ വരുന്നത്. "കളർ സിനിമ സൃഷ്ടിച്ച പുതിയ ഭാവുകത്വം, ജനപ്രിയതയുടെ ചേരുവുകളിൽ വന്ന മാറ്റങ്ങൾ, പുതിയ താരങ്ങളുടെ വരവും താരാധിപത്യവും, ചിത്രങ്ങളുടെ എണ്ണത്തിൽ വന്ന ഭീമമായ വർദ്ധന, അതുകൊണ്ടുതന്നെ പടം വിജയിപ്പിക്കാനുള്ള തത്രപ്പാട് എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഗാനശൈലിയെക്കൂടി ബാധിച്ചു."(ദിവാകരൻ,ആർ.വി.എം.,2016:55)മലയാളത്തിലെ ആദ്യകാല സൂപ്പർഹിറ്റ് ചിത്രമായ 'അങ്ങാടി'യിലെ "കന്നിപ്പളുങ്കേ പൊന്നുംകിനാവേ സുന്ദരി പൊന്നാരേ കൺമണിക്കെന്തിനീ കള്ളപ്പരിഭവം കല്ല്യാണരാവല്ലേ...." എന്ന ഗാനം എടുത്തു പറയേണ്ട ഗാനങ്ങളിലൊന്നാണ്. മലയാളസിനിമയിൽ ഒപ്പനഗാനചിത്രീകരണത്തിൽ വന്ന വലിയ മാറ്റങ്ങളുടെ ശംഖൊലി ആദ്യമായി കേട്ടു തുടങ്ങുന്നത് ഈ ഗാനത്തിലാണെന്ന കാണാം. നായിക തന്റെ സ്വപ്നത്തിൽ കാണുന്ന ഈ ഗാനരംഗത്തിന് കഥാഗതിയിൽ നിന്നും വ്യത്യസ്തമായ നിലനിൽപ്പുണ്ട്. ഈ ഗാനത്തിനുണ്ടായ ജനപ്രിയതയുടെ വലിയൊരു കാരണവും ഇതുതന്നെ. ബിച്ചു തിരുമല എഴുതി ശ്യാം സംഗീതം ചെയ്ത് പി.സുശീല ആലപിച്ച ഈ ഗാനം എന്നും മലയാളിയുടെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്ന ഒപ്പനഗാനമാണ്.

"കരിമിഴിയിൽ സുറുമയണിഞ്ഞും
കവിളിണയിൽ പുളകമണിഞ്ഞും
പതിനേഴിൻ പടിവാതിൽ നീ മുട്ടിവിളിക്കുമ്പൊൾ
മാര്മൊട്ടുകൾ പൂക്കുമ്പോൾ
അതില് തട്ടിയുണർത്തുമ്പോൾ
പുതു ചെക്കനു കിക്കിളി മുത്തം നൽകാതൊക്കുകയില്ലല്ലൊ
മുത്തേ ഒക്കുകയില്ലല്ലോ
തരിവളകൾ തമ്മിലിടഞ്ഞും
തളിർമിഴിയിതൾ ചിമ്മിയടഞ്ഞും
ചെറുവിരൽ നഖ മുനകൾ നുണഞ്ഞും
മണവറ പൂകുമ്പോൾ
കിളിവാതിലടക്കുമ്പോള്
മണവാളനണക്കുമ്പോൾ നിൻ
മൊഞ്ചും നെഞ്ചും മെയ്യും മാരൻ
താലോലിക്കില്ലേ അങ്ങനെ നാണം തീരില്ലേ"

 ISSN No: 3049-0316


ഒരു നവവധുവിന്റെ വൈകാരികഭാവങ്ങളെ തൊട്ടുണർത്തുന്ന വരികളാണ് ഇവ. ഈ ഗാനത്തിന്റെ ചിത്രീകരണത്തിലെ മികവും എടുത്തു പറയേണ്ടതാണ്. ഒരു കല്യാണവീടിന്റെ സന്തോഷം മുഴുവൻ ഇതിന്റെ ചിത്രീകരണത്തിൽ കാണാം.

സമകാലിക ഒപ്പനഗാനങ്ങളിലേക്കു വരുമ്പോൾ ഒപ്പനയുടെ പാരമ്പര്യരീതികളിൽ നിന്നും വളരെയധികം തെന്നിമാറിക്കൊണ്ടുള്ള അവതരണരീതിയാണ് കാണുന്നത്. പ്രണയനിലാവിലെ "മാനത്തൊരു പൊൻതാരകം മഞ്ചാടി മണിച്ചെപ്പു തുറന്നില്ലേ....", പെരുമഴക്കാലത്തിലെ "മെഹറുബാ.. മെഹറുബാ... പുതുക്കപ്പെണ്ണേ മെഹറുബാ....", വൺവേയിലെ "എൻ ഖൽബിലുള്ളൊരു പെണ്ണാണ്.." തുടങ്ങി ജനകീയമായതും അല്ലാത്തതുമായ ഒട്ടേറെ ഒപ്പനഗാനങ്ങൾ സിനിമകളിൽ കടന്നു വരുന്നുണ്ട്. ഇവയിൽ പല ഗാനങ്ങളും നായകന്റെയും നായികയുടെയും പ്രകടനത്തിനുള്ള അരങ്ങുകളായാണ് സമകാല സിനിമകളിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. അവിടെ നടക്കുന്ന ചടങ്ങിനോ വധൂവരന്മാർക്കോ ലഭിക്കുന്നതിനേക്കാൾ പ്രാധാന്യം ഒപ്പന അവതരിപ്പിക്കുന്ന പ്രധാന നടീനടന്മാർക്കാണ് ലഭിക്കുന്നത്. വിവാഹവീട് കണ്ണിനു മിഴിവേകാനുള്ള ഒരു പശ്ചാത്തലം മാത്രമായി അവതരിപ്പിച്ചുകൊണ്ട് കഥാഗതിയിൽ നിന്നും വേറിട്ടു നിൽക്കുന്ന ഒന്നായിട്ടാണ് ഈ ഗാനങ്ങൾ ചിത്രീകരിക്കപെട്ടിരിക്കുന്നത്. അതിനാൽത്തന്നെ ഇവ പാരമ്പര്യ ഒപ്പന അവതരണങ്ങളിൽ നിന്നും ഗാനങ്ങളിൽ നിന്നും വളരെ അകലത്തിൽ നിൽക്കുന്നു. കഥാഗാത്രത്തിൽ നിന്നും ഈ ഗാനങ്ങളെ മാറ്റി നിർത്തിയാൽ പോലും ആ ഗാത്രത്തിന് യാതൊരുവിധ ഭംഗവും സംഭവിക്കുന്നില്ല. അച്ചുവിന്റെ അമ്മ, സദാനന്ദന്റെ സമയം തുടങ്ങി മിക്ക സിനിമകളിലെയും ഒപ്പനഗാനങ്ങളുടെ അവതരണം ഇത്തരത്തിലാണ്.

മുസ്ലീംവിവാഹഭവനങ്ങളുടെ അവതരണമെല്ലാം എപ്പോഴും ഇത്തരത്തിലുള്ള ഒരു ഒപ്പന ഗാനത്തിന്റെ അകമ്പടിയോടെയാണ് സിനിമയിൽ അവതരിപ്പിക്കുന്നത്. അത്തരം ചിത്രീകരണങ്ങളിൽ സാധാരണക്കാരുടെ ഭവനങ്ങളോ ചടങ്ങുകളോ പലപ്പോഴും മാറ്റി നിർത്തപ്പെടുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. പഴയ സിനിമകളിലെ ഒപ്പനഗാന ആവിഷ്കാരങ്ങളിൽ പലതും നടന്നിരുന്നത് സാധാരണക്കാരന്റെ വീടുകളിലായിരുന്നു എന്നത് ഈ അവതരണങ്ങളോട് തട്ടിച്ചു നോക്കേണ്ടതാണ്. മാത്രമല്ല പഴയകാല ഒപ്പനഗാന ചിത്രീകരണത്തിൽ ബന്ധുക്കളും സുഹൃത്തുക്കളും ആയി സിനിമയിൽ അവതരിപ്പിക്കപ്പെടുന്ന നടീനടന്മാരാണ് അഭിനയിച്ചിരുന്നതെങ്കിൽ പുതിയകാലത്ത് പ്രൊഫഷണൽ നർത്തകരോ ഗായകരോ ആണ് ഇത് അവതരിപ്പിക്കുന്നത്.

ഇങ്ങനെ നോക്കിയാൽ സിനിമകളിലെ ഒപ്പന അവതരണങ്ങൾക്കും ഗാനങ്ങൾക്കും കാലഘട്ടങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് കാണാം. എന്നിരുന്നാലും സിനിമയിൽ വളരെ പ്രാധാന്യത്തോടെയും മിഴിവോടെയും അവതരിപ്പിക്കപ്പെടുന്നവയാണ് ഇത്തരം ഗാനങ്ങൾ. അതിനാൽത്തന്നെ ഒപ്പനഗാനങ്ങൾക്ക് മലയാളസിനിമാഗാനസംസ്കാരത്തിൽ സവിശേഷമായ സ്ഥാനം തന്നെയുണ്ട്.

## സഹായഗ്രന്ഥങ്ങൾ

1. ദിവാകരൻ, ആർ.വി.എം. ഭാഷാവാദം. ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്. 2016.
2. രാമചന്ദ്രൻ, ജി.പി. സിനിമയും മലയാളിയുടെ ജീവിതവും. നാഷണൽ ബുക്ക്സ്റ്റാൾ. കോട്ടയം. 1998.